# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 28 — 09.03.2015-ൽ മറുപടിയ്ക്ക്

## ഭരണ മികവിന് സംസ്ഥാനത്തിന് അംഗീകാരം

| | **ചോദ്യം**<br>ശ്രീ. കെ. മുരളീധരൻ<br>,, തേറമ്പിൽ രാമകൃഷ്ണൻ<br>,, വി.പി. സജീന്ദ്രൻ<br>,, എം.എ. വാഹിദ് | | **ഉത്തരം**<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ഭരണ മികവിന് സംസ്ഥാനത്തിന് ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ)<br>&<br>(ബി) | സംസ്ഥാന ഭരണത്തിന്റെ മികവിന് യു.എൻ.ഡി.പിയുടെ പ്രശംസ ലഭിച്ചിട്ടുണ്ട്. ഇ-ഗവേണൻസിലൂടെയും വെബ് ടെലികാസ്റ്റിങ്ങിലൂടെയും, 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്ററിലൂടെയും, സുതാര്യമായ പ്രവർത്തനം കാഴ്ച വയ്ക്കുന്ന സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ജനങ്ങളുമായി നേരിട്ട് ബന്ധപ്പെട്ട് നടത്തിയ ജനസമ്പർക്ക പരിപാടിയെക്കുറിച്ചും യു.എൻ.ഡി.പി യുടെ ഡെമോക്രാറ്റിക് ഗവേണൻസ് ഗ്രൂപ്പിന്റെ ഡയറക്ടർ മതിപ്പു രേഖപ്പെടുത്തുകയും ഈ നൂതന രീതി ആഫ്രിക്കയിലേയും ഏഷ്യയിലേയും ലാറ്റിൻ അമേരിക്കയിലേയും മറ്റ് രാജ്യങ്ങൾ പഠിക്കേണ്ടതുണ്ടെന്നും അഭിപ്രായപ്പെടുകയുമുണ്ടായി. ഐക്യരാഷ്ട്ര സംഘടന ആഗോള തലത്തിൽ പബ്ലിക് സർവ്വീസസിനു നൽകുന്ന ഉന്നതമായ അവാർഡ് (UN Public Service Award 2013) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിക്ക് ലഭിച്ചു. |
| (ബി) | ഏതെല്ലാം രംഗങ്ങളിലാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | | |
| (സി) | ഏതെല്ലാം മേഖലകളിലാണ് കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ മികവ് കൈവരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ ; | (സി)<br>&<br>(ഡി) | സംസ്ഥാന ഭരണത്തിന്റെ എല്ലാ മേഖലകളിലും മുൻ വർഷങ്ങളിലേക്കാൾ സമഗ്രമായ മികവ് വരും വർഷങ്ങളിലും നേടിയെടുക്കുന്നതിനുള്ള ഊർജ്ജിതമായ ശ്രമങ്ങളാണ് സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നും നടന്നു വരുന്നത്. വിഷൻ 2030, എമർജിംഗ് കേരളയിലൂടെ നിക്ഷേപ സൗഹൃദ സംസ്ഥാനം, സേവനാവകാശ നിയമം തുടങ്ങിയ വിവിധ പദ്ധതികളിലൂടെയും നിയമ നിർമ്മാണത്തിലൂടെയും സംസ്ഥാന ഭരണത്തിൽ സമഗ്രമായ മികവ് നേടിയെടുക്കുന്നതിന് ശ്രമിച്ചുവരുന്നു. അതുപോലെ പൊതുജനങ്ങൾക്ക് സേവനങ്ങൾ തടസ്സം കൂടാതെ ലഭിക്കുന്നതിന് വിവര സാങ്കേതിക വിദ്യയുടെ സാദ്ധ്യത പ്രയോജനപ്പെടുത്തി ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവ |
| (ഡി) | പ്രസ്തുത മികവ് മറ്റ് രംഗങ്ങളിലും നേടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | | |

| | | | |
|---|---|---|---|
| | | | വിവിധ വകുപ്പുകളിൽ വ്യാപകമായി നടത്തി വരുന്നു. എല്ലാ ജില്ലകളെയും ഇ-ഡിസ്ട്രിക്ട് ആക്കി പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തെ സമ്പൂർണ്ണ digital state ആക്കുവാനാണ് ഉദ്ദേശിക്കുന്നത്. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും ഇ-ഓഫീസ് സംവിധാനം ഘട്ടം ഘട്ടമായി നടപ്പിലാക്കി വരികയാണ്. ഇത് ഫയൽ നീക്കം വളരെ വേഗത്തിലാക്കുകയും ഭരണപരമായ തീരുമാനങ്ങൾക്ക് വേഗം നൽകുകയും ചെയ്യുന്നു. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയും ഫീസും സ്വീകരിക്കുന്നത് ഓൺലൈൻ വഴി ആക്കുന്നത് സംബന്ധിച്ച ചട്ടങ്ങളിൽ ഭേദഗതി വരുത്തി വിജ്ഞാപനം പുറപ്പെടുവിച്ചു. |

സെക്ഷൻ ഓഫീസർ